# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3374** **11.05.2017-ൽ മറുപടിയ്ക്ക്**

## ജില്ലാ സഹകരണ ബാങ്കുകളിൽ നിയമന നിരോധനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ഡോ.എം. കെ. മുനീർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സഹകരണ സംഘം രജിസ്ട്രാറുടെ 7/9/16 ലെ നം. സി. ബി.(1) 35314/18 കത്ത് പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള ബാങ്ക് രൂപീകരണ ചർച്ച നടക്കുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 07/09/2016 ലെ സി.ബി.(1)35314/16 നമ്പർ കത്തുപ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ ശാഖകൾ ആരംഭിക്കുന്നതിനും, കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് നിർദ്ദേശം നൽകിയിരുന്നു. കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങൾക്ക് മേൽ നിർദ്ദേശം ബാധകമല്ലായെന്ന് 24/09/2016-ലെ കത്തിലൂടെ വ്യക്തമായ നിർദ്ദേശവും നൽകിയിരുന്നു. |
| (ബി) | പ്രസ്തുത കത്ത് പിൻവലിച്ച് നിയമന നിരോധനം റദ്ദ് ചെയ്യുന്നതിനും, പുതിയ ശാഖകൾ ആരംഭിക്കുന്നതിനും സർക്കാർ തയ്യാറാകുമോ; | (ബി) | കേരള പബ്ലിക് സർവീസ് കമ്മീഷൻ നിയമനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. പുതിയ ശാഖകൾ തുടങ്ങുന്നതിന് താത്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കേരള ബാങ്ക് രൂപീകരിക്കുന്നതിനു വേണ്ടിയാണ് നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത് എന്ന ആക്ഷേപം ശരിയാണോ; എങ്കിൽ വിശദാംശം.വ്യക്തമാക്കുമോ? | (സി) | നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. താത്കാലിക നിയമനങ്ങൾക്കും ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനുമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ